സാമ്യവാക്യം

...പാപം ചെയ്യുന്ന ദേഹി മരിക്കും.

യെഹ. 18: 4

4

Divine Anger

നവംബർ 29 വെള്ളി

വായനാഭാഗം

2 ശമുവേൽ 6: 1–9

## യഹോവയുടെ കോപം

**അന്ന് ദാവീദ് യഹോവയെ ഭയപ്പെട്ടുപോയി. 2 ശമു. 6:9**

അഖിലാണ്ഡത്തിന്റെ ഉടയവനെ വിശ്വസിക്കുകയും, അനുസരിക്കുകയും ചെയ്യുന്നവർ ഒരിക്കലും ലജ്ജിച്ചുപോകയില്ല. വചനം അനുസരിക്കാത്തവർ ഇടറിപ്പോകുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്യുന്നു.

കിര്യെത്ത്- യെയാരീം നിവാസികൾ ഫെലിസ്ത്യർ മടക്കിയയച്ച യഹോവയുടെ പെട്ടകം അബീനാദാബിന്റെ വീട്ടിൽ കൊണ്ടുപോയി സൂക്ഷിക്കുവാൻ അവന്റെ മകനായ എലെയാസറിനെ ശുദ്ധീകരിക്കുകയും ചെയ്തു. ഇരുപത് വർഷത്തിനുശേഷം ദാവീദും കൂട്ടരും യഹോവയുടെ പെട്ടകം മടക്കികൊണ്ടുപോകുവാനെത്തിയത് ചട്ടപ്രകാരമായിരുന്നില്ല. പുരോഹിതരും ലേവ്യരും തങ്ങളെത്തന്നെ ശുദ്ധീകരിച്ചിട്ടുവേണമായിരുന്നു പുറപ്പെടേണ്ടത്. ദൈവത്തിന്റെ പെട്ടകം ചുമലിൽ ചുമക്കുവാൻ ലേവ്യരില്ലായിരുന്നു എന്നു മാത്രമല്ല, പുതിയ വണ്ടിയിലാണ് അത് കയറ്റിയതും, ദൈവകോപത്തിന് ഇതു കാരണമായി.

ദൈവത്തിന്റെ വചനത്തെ നിന്ദിക്കുന്നവർക്ക് ഏറ്റവും നല്ല ഉദാഹരണമാണ് ഉസ്സ. ഇന്ന് പല ഉസ്സാമാരും അനുസരണക്കേടിനെ മറയ്ക്കുവാൻ ആധുനികതയെ കൂട്ടുപിടിക്കുന്നു. ഇരുപതുവർഷം സ്വന്തവീട്ടിൽ കണ്ട പെട്ടകം നിസ്സാരമായി അവൻ കണ്ടതുപോലെ, ഇന്നത്തെ ഉസ്സാമാരും പാരമ്പര്യത്തിൽ വിശ്വസിക്കുന്നു. ദൈവഭയം അവർക്ക് നഷ്ടപ്പെടുന്നു. കാള വിരണ്ടത് ദാവീദും കൂട്ടരും ഒരു മുന്നറിയിപ്പായി കണ്ടില്ല. ഉസ്സ എന്ന വാക്കിന്റെ അർത്ഥം ശക്തി എന്നാണ്. അഹ്യോ -എന്നതിന് സൗഹൃദം എന്നുമാണ് അർത്ഥം. ദാവീദ് പെട്ടകം കൊണ്ടുപോകുവാൻ കാണിച്ച മാർഗ്ഗവും, പെട്ടകം വണ്ടിയിൽ നിന്ന് വീഴാതെ ഉസ്സ തൊട്ടതും ദൈവവചനത്തോടുള്ള അവഗണനയാണ്. യഹോവ ഉസ്സയെ ഛേദിച്ചുകളഞ്ഞു.

തപ്പ്, കിന്നരം, വീണ, മുരജം, കൈത്താളം എന്നിവയോടുകൂടെ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്തുവെന്നതല്ല ദൈവം നോക്കിയത്. തന്റെ സാന്നിദ്ധ്യത്തിന്റെയും മഹത്വത്തിന്റെയും പ്രതീകമായ പെട്ടകത്തെ ആരും തൊടുവാൻ ദൈവം അനുവദിച്ചിരുന്നില്ല (സംഖ്യ. 4:15). അതാണ് ദാവീദും കൂട്ടരും ലംഘിച്ചത്.

സഹോദരങ്ങളെ! എത്ര വർഷത്തെ ക്രിസ്തീയപാരമ്പര്യം ഉണ്ടെന്നോ, ഏതെല്ലാം ചുമതലകൾ സഭയിൽ വഹിച്ചു എന്നോ കർത്താവ് നോക്കുന്നില്ല. ദൈവവചനം അനുസരിക്കുന്നോ എന്നതാണ് ആവശ്യം. അനുസരണം ഏറ്റവും ശ്രേഷ്ഠമാണ്. ഉസ്സയുടെ സ്വഭാവം നമുക്കുവെടിയാം.

**ദൈവമേ, വചനം അനുസരിപ്പാൻ കൃപ നൽകണമേ**